**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 537** **13-10-2026-ൽ മറുപടിയ്ക്ക്**

**ജിയോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മൈനിങ്ങിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള ധാതുക്കളുടെ വിൽപനയ്ക്കും കെട്ടിടനിർമാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിനും ജിയോളജി വകുപ്പിൽ നിന്നും സമയബന്ധിതമായി അനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടും ഉദ്യോഗസ്ഥർ വരുത്തുന്ന ഈ അനാസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** മൈനിങ്ങിനും മറ്റ് ആവശ്യങ്ങൾക്കുമായി ധാതുക്കൾ വിൽക്കുന്നതിനും കെട്ടിട നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിനും ജിയോളജി വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സ്ഥലപരിശോധന നടത്തി അനുമതി നൽകുന്നതിൽ സാധാരണഗതിയിൽ കാലതാമസം നേരിടുന്നില്ല. എന്നാൽ ധാതുഖനനത്തിനായുള്ള അനുമതി നൽകേണ്ടുന്ന അപേക്ഷകളിൽ അടിസ്ഥാന രേഖകളുടെ അപര്യാപ്തത, കോടതി വ്യവഹാരം, പൊതുജനപരാതി, അനുമതി നൽകുന്നതിനായുള്ള മറ്റു സ്റ്റാറ്റ്യൂട്ടറി അനുമതികൾ ഹാജരാക്കുന്നതിനുള്ള കാലതാമസം മുതലായവ സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനെ ബാധിക്കാറുണ്ട്. കൂടുതൽ അപേക്ഷകൾ ലഭ്യമായിട്ടുള്ള ജില്ലകളിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് അപേക്ഷകളിൽ പരിശോധന നടത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 2023-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളുടെ ഭേദഗതിയെ തുടർന്ന് 3000 ചതു. അടിയ്ക്ക് താഴെ പ്ളിന്ത് ഏരിയയുള്ള കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് തന്നെ നൽകി വരുന്നുണ്ട്.

**(ബി)** പാലക്കാട് ജില്ലയിലെ കുളങ്ങളിൽ നിന്ന് മണ്ണും മണലും ചെളിയും നീക്കം ചെയ്യുന്നതിന് ജനങ്ങളിൽ നിന്നും ഫീസ് ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ഈടാക്കിയിട്ടും അനുമതി നൽകാത്ത ജിയോളജി വകുപ്പിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥപ്രകാരം എല്ലാ രേഖകളും ലഭ്യമാക്കിയതിന് ശേഷം ആണ് നീക്കം ചെയ്യേണ്ടുന്ന ധാതുവിന്റെ അളവിന് തത്തുല്യമായ റോയൽറ്റി

മുൻകൂർ ആയി ഈടാക്കുന്നത്. ഇപ്രകാരം പാലക്കാട് ജില്ലയിൽ റോയൽറ്റി മുൻകൂർ ആയി ഈടാക്കിയ അപേക്ഷകളിലെല്ലാം അനുമതി നൽകിയിട്ടുണ്ട്.

**(സി)** കോടതിയിൽ നിന്ന് വ്യക്തമായ ഉത്തരവുകൾ ലഭിച്ചാലും ഉത്തരവുകൾ നടപ്പിലാക്കാതിരിക്കുകയും നിയമാനുസൃതം അനുമതി നൽകാവുന്ന വിഷയങ്ങളിൽ പോലും കാലതാമസം വരുത്തുകയും ചെയ്യുന്ന പ്രവണതയ്ക്ക് ശാശ്വത പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ട അപേക്ഷകളിൽ ഉത്തരവുകളുടെ ഉള്ളടക്കവും ബാധകമായ നിയമവ്യവസ്ഥകളും പരിശോധിച്ച് സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**